## പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 196 : 18/06/2013- ൽ മറുപടിക്ക്**

### ചെറുകിട വ്യവസായ മേഖല നേരിടുന്ന തകർച്ച

**ചോദ്യം** **ഉത്തരം**

**ശ്രീ. റോഷി അഗസ്റ്റിൻ**
**ഡോ.എൻ.ജയരാജ്**
**ശ്രീ. പി.സി.ജോർജ്**
**ശ്രീ.എം.വി.ശ്രേയാംസ് കുമാർ**

**ശ്രീ. പി. കെ.കുഞ്ഞാലിക്കുട്ടി**
(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ ചെറുകിട വ്യവസായ മേഖല നേരിടുന്ന തകർച്ച ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ ; | (എ) | സംസ്ഥാനത്തെ ചെറുകിട വ്യവസായ മേഖല തകർച്ച നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | ചെറുകിട വ്യവസായ യൂണിറ്റുകളുടെ ലൈസൻസിംഗ് ഓൺലൈൻ ആക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ; | (ബി) | ചെറുകിട വ്യവസായ യൂണിറ്റുകളുടെ ലൈസൻസിംഗ് ഓൺലൈൻ ആക്കുന്നതിന് വേണ്ടിയുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു. ഇതിനുവേണ്ടിയുള്ള ഓൺലൈൻ സംവിധാനം വികസിപ്പിച്ചുവരികയാണ്.ഈ സംവിധാനം നിലവിൽ വരുമ്പോൾ വേണ്ടിവരുന്ന വിവധ നിയമ ഭേദഗതികൾ സർക്കാരിന്റെ പരിഗണനയിലാണ്. |
| (സി) | നിലവിലുള്ള ഇൻസ്ട്രിയൽ എസ്റ്റേറ്റുകളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് പദ്ധതികൾ ആവിഷ്കരിക്കുമോ? | (സി) | നിലവിലുള്ള വികസന പ്ലോട്ടുകളുടെ നവീകരണത്തിനും റോഡുകൾ, മാലിന്യനിർമ്മാർജ്ജനം, വൈദ്യുതി, ജലം എന്നീ സൗകര്യങ്ങൾ ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യ വികസനത്തിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയിൽ 2013-14 വാർഷിക ബഡ്ജറ്റിൽ 130 ലക്ഷം രൂപ ഉൾപ്പെടുത്തിയിട്ടുണ്ട്. 70:30 അനുപാതത്തിൽ സർക്കാർ വിഹിതവും ഗുണഭോക്തൃ വിഹിതവുമായിട്ടാണ് ഈ പ്രവർത്തനങ്ങൾ നടത്തുന്നത്.<br>മഞ്ചേരി, ചങ്ങനാശ്ശേരി എന്നീ പ്രാവർത്തിക വ്യവസായ എസ്റ്റേറ്റുകളിൽ |

| | | | |
|---|---|---|---|
| | | | ഇപ്പോൾ നിലവിലുള്ള പൊതു സൗകര്യ സേവനകേന്ദ്രങ്ങളുടെ നിലവാരം ഉയർത്തുന്നതിനും നവീകരിക്കുന്നതിനുമായി 2013-14 വാർഷിക ബഡ്ജറ്റിൽ 20 ലക്ഷം രൂപ ഉൾപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനത്തെ 38 വ്യവസായ വികസന ഏര്യ/വികസന പ്ലോട്ടുകളിൽ ആദ്യഘട്ടം എന്ന നിലയിൽ തിരുവനന്തപുരത്തെ വേളി, കോട്ടയത്തെ പൂവൻതുരുത്ത്, പാലക്കാട്ടെ കാഞ്ചിക്കോട് എന്നീ മൂന്നു വ്യവസായ വികസന ഏര്യ/വികസനപ്ലോട്ടുകളിൽ സൂക്ഷ്മ ചെറുകിട സംരംഭങ്ങളുടെ ക്ലസ്റ്റർ വികസന പദ്ധതി പ്രകാരം അടിസ്ഥാന സൗകര്യ വികസന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഈ പദ്ധതി പ്രകാരം 40:60 അനുപാതത്തിൽ സംസ്ഥാന സർക്കാരും കേന്ദ്ര സർക്കാരും ചേർന്നാണ് നടപ്പിലാക്കുന്നത്. ഈ പദ്ധതിക്കായി 2013-14 വർഷത്തിൽ 200 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. മറ്റുവികസന ഏര്യ/വികസന പ്ലോട്ടുകൾക്ക് വിശദമായ പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിനുള്ള ചെലവും ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതോടൊപ്പം തന്നെ കേന്ദ്രസർക്കാരിന്റെ ഒറ്റത്തവണ അധികസഹായം പ്രയോജനപ്പെടുത്തി ബഹുനില വ്യവസായ സമുച്ചയങ്ങൾ പണിയുന്നതിനുള്ള പദ്ധതിയും നടപ്പിലാക്കി വരുന്നു. |

**സെക്ഷൻ ഓഫീസർ**